# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 32** — **27.09.2016 ൽ മറുപടിക്ക്**

### ഖനന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. നൗഷാദ്<br>ശ്രീ. എം.എം. മണി<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. വി.കെ.സി. മമ്മത് കോയ | ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കി സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ബഹു. സുപ്രീം കോടതിയിലെ ദീപക് കുമാർ Vs സ്റ്റേറ്റ് ഓഫ് ഹരിയാന കേസിൽ 27.02.2012 നുണ്ടായ ഉത്തരവ് പ്രകാരം ഖനന പ്രവർത്തനങ്ങൾക്കുള്ള ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസസ്സ്മെന്റ് അതോറിറ്റിയിൽ നിന്ന് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയ്ക്ക് സ്വന്തമായി സെക്രട്ടറിയേറ്റിന് രൂപം നൽകുകയും ജില്ലാപാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റികളുടെ (DEIAA) രൂപീകരണം നടന്നുവരികയും ചെയ്യുന്നു. എല്ലാ ജില്ലകളിലും DEIAA നിലവിൽ വന്നിട്ടുണ്ട്. |
| (സി) പ്രസ്തുത കാലതാമസം ക്വാറി മേഖലയിൽ സ്തംഭനാവസ്ഥ സൃഷ്ടിക്കുന്ന സാഹചര്യമുണ്ടായതിനെ തുടർന്ന് ഇതിനായി ജില്ലാതല അതോറിറ്റികൾ രൂപീകരിക്കാൻ 2016 ജനുവരിയിൽ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതു സംബന്ധിച്ച് കഴിഞ്ഞ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 15.01.2016, 20.01.2016 തീയതികളിലെ നോട്ടിഫിക്കേഷനുകൾ പ്രകാരം അഞ്ചോ അഞ്ചിൽ കുറവോ ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമിയിൽ ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതല അതോറിറ്റികൾ രൂപീകരിച്ച് ഉത്തരവായിരുന്നു. സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ജില്ലാ അതോറിറ്റികളിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനും ബന്ധപ്പെട്ടവർക്ക് പരിശീലനം നല്കുന്നതിനും കാലതാമസം നേരിട്ടതിനാലും സംസ്ഥാനത്ത് ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി രൂപീകരിക്കുന്നതിന് കാലതാമസം നേരിട്ടു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഈ സർക്കാർ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാതല പരിസ്ഥിതി അതോറിറ്റികളുടെ രൂപീകരണത്തിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.<br>1) ജില്ലാതല അതോറിറ്റികളുടെ രൂപീകരണാവശ്യാർത്ഥം, ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പുസ്തക രൂപത്തിലാക്കി എല്ലാ ജില്ലാകളക്ടർമാർക്കും എത്തിച്ച കൊടുത്തു.<br>2) ഈ വിഷയത്തിൽ 08.06.2016 ൽ വിളിച്ചുചേർത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല അതോറിറ്റി/ വിദഗ്ദസമിതി ചെയർമാൻമാരുടേയും യോഗത്തിൽ നൽകിയ നിർദ്ദേശ പ്രകാരം, ജില്ലാതല അതോറിറ്റികളുടെ/ വിദഗ്ദ സമിതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചു.<br>3) ജില്ലാ തല നാമനിർദ്ദേശങ്ങൾ സ്വീകരിച്ച്. അതോറിറ്റികളുടെയും വിദഗ്ദസമിതികളുടെയും പ്രവർത്തനം പൂർണ്ണതോതിലാക്കണമെന്ന് മെമ്പർ സെക്രട്ടറി കൂടിയായ പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 09.06.2016 ൽ എല്ലാ ജില്ലാ കളക്ടർമാരെയും നേരിട്ടറിയിച്ചു.<br>4) 17.06.2016 ൽ ഇതു സംബന്ധിച്ച ഒരു വീഡിയോ കോൺഫറൻസിംഗ് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി ചെയർമാനും, മെമ്പർ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായും നടത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൽ നൽകുകയും ചെയ്തു.<br>5) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തേണ്ട നാമനിർദ്ദേശങ്ങൾ ഉടനടി നൽകണമെന്ന് 17.06.2016 ൽ നിർദ്ദേശം നൽകി.<br>6) ജില്ലാതല നാമനിർദ്ദേശങ്ങൾ എത്രയും വേഗം നടത്താൻ അതിന് ചുമതലപ്പെട്ട മുഖ്യ വനപാലകന് നിർദ്ദേശം നൽകി.<br>7) ജില്ലാതല അതോറിറ്റികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ കളക്ടർമാർക്കും 19.07.2016 ൽ പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകി.<br>8) ജില്ലാതല അതോറിറ്റികൾ/ വിദഗ്ദ സമിതികൾ (DEIAA/DEAC) എന്നിവയുടെ നിയമാനുസൃത ചുമതലകൾ, അപേക്ഷകൾ സ്വീകരിച്ച് തീർപ്പാക്കേണ്ടവിധം, ഓൺലൈൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് എന്നീ കാര്യങ്ങളിൽ 04.08.2016 ൽ കേന്ദ്ര വനം |

പരിസ്ഥിതി മന്ത്രാലയത്തിലെ ബന്ധപ്പെട്ട വിദഗ്ദരുടെ നേതൃത്വത്തിൽ വിശദമായ ഒരു പരിശീലനം ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകി.

**സെക്ഷൻ ഓഫീസർ**